5. ടൂറിസ്റ്റ് സെന്റർ

ശ്രീ. ആർ. സെൽവരാജ് : വെള്ളറട തെക്കൻ കുരിശുമല തീർത്ഥാടന കേന്ദ്രം ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കണമെന്നും തീർത്ഥാടന ദിവസം പ്രാദേശിക അവധിയായി പ്രഖ്യാപിക്കണമെന്നുമുള്ളതാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്. തെക്കൻ കുരിശുമല തെക്കേ ഇന്ത്യയിലെ ഏറ്റവും പ്രസിദ്ധിയാർജ്ജിച്ച തീർത്ഥാടന കേന്ദ്രമാണ്. നെയ്യാറ്റിൻകര ലത്തീൻ രൂപതയുടെ ഔദ്യോഗിക തീർത്ഥാടന കേന്ദ്രമായ തെക്കൻ കുരിശുമല നെയ്യാറ്റിൻകര താലൂക്കിൽ വെള്ളറട ഗ്രാമപഞ്ചായത്തിൽ കേരള-തമിഴ്നാട് അതിർത്തിയിൽ സമുദ്ര നിരപ്പിൽനിന്നും മൂവായിരത്തിലേറെ അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു. 1957 മാർച്ച് 27-ന് ബെൽജിയം മിഷനറിയും ഉണ്ടൻകോട് വികാരിയുമായിരുന്ന റവ. ഫാദർ ജോൺ ബാപ്റ്റിസ്റ്റാണ് സഹ്യ പർവ്വത ശിഖരമായ കുനിച്ചി-കൊണ്ടവെട്ടി എന്നീ പേരിൽ അറിയപ്പെടുന്ന മലയിൽ കുരിശ് സ്ഥാപിക്കുകയും അൽത്താര ഒരുക്കി ദിവ്യ ബലി അർപ്പിക്കുകയും ചെയ്തതോടെയാണ് കുരിശുമലയായത്. അന്നുമുതലാണ് തെക്കൻ കുരിശുമലയിലേക്ക് തപസ്സ് കാലം തീർത്ഥാടനം ആരംഭിച്ചത്. പ്രകൃതി രമണീയവും ഭക്തിസാന്ദ്രവുമാണ് തെക്കൻ കുരിശുമല. മഹർഷി ശ്രേഷ്ഠൻമാരുടെ പാദസ്പർശമേറ്റ പുണ്യഭൂമിയാണ് തെക്കൻ കുരിശുമല. കേരളം, തമിഴ്നാട്, കർണ്ണാടക, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിൽനിന്നും ലക്ഷക്കണക്കായ തീർത്ഥാടകരാണ് ഓരോ വർഷവും ഇവിടെ എത്തുന്നത്. ഏപ്രിൽ 6, 7, 8, 9 തീയതികളിലാണ് ഈ ആഘോഷ പരിപാടികൾ നടക്കുന്നത്. ഈ തീർത്ഥാടന കേന്ദ്രം ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുകയും അതുപോലെ തന്നെ തീർത്ഥാടന ദിവസമായ ഏപ്രിൽ 9-ന് പ്രാദേശിക അവധി പ്രഖ്യാപിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ) : സർ, നിലവിലുള്ള നിയമമനുസരിച്ച് ഒരു പ്രത്യേക പ്രദേശത്തെ തീർത്ഥാടന ടൂറിസം സെന്ററായി ടൂറിസം വകുപ്പ് സാധാരണ പ്രഖ്യാപിക്കാറില്ല. സംസ്ഥാനത്തെ ടൂറിസം പ്രാധാന്യമുള്ള സ്ഥലങ്ങളെ അംഗീകൃത ടൂറിസം സെന്ററായി പ്രഖ്യാപിക്കുകയും അവിടെ അതനുസരിച്ച് വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്യുന്ന രീതിയാണ് ഇപ്പോൾ പിന്തുടർന്ന് വരുന്നത്. കേരളത്തിലെ പ്രധാന തീർത്ഥാടന കേന്ദ്രങ്ങളിൽ വന്നെത്തുന്ന തീർത്ഥാടകർക്ക് ശൗച്യാലയങ്ങൾ, കുളിമുറികൾ, വിശ്രമ മുറികൾ, ആശയ വിനിമയത്തിനുള്ള സൗകര്യങ്ങൾ, സുവനീർ ഷോപ്പുകൾ, ഡോർമിറ്ററികൾ എന്നിവ ഒരുക്കുന്നതിനായി സംസ്ഥാന സർക്കാർ ഒരു പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിക്കുകയും കേരളത്തിലെ പ്രധാനപ്പെട്ട 20 തീർത്ഥാടന കേന്ദ്രങ്ങളെ ഉൾക്കൊള്ളിച്ച് പിൽഗ്രീം ടൂറിസം സർക്യൂട്ട് എന്ന പേരിൽ ഒരു പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പക്ഷേ ബഹുമാനപ്പെട്ട ആർ. സെൽവരാജ് പറഞ്ഞതുപോലെ ഇത്തരം തീർത്ഥാടന കേന്ദ്രങ്ങളെ, പ്രത്യേകിച്ച് വെള്ളറട കുരിശുമലപോലുള്ള തീർത്ഥാടന കേന്ദ്രങ്ങളെ ടൂറിസ്റ്റ് സെന്ററായി പ്രഖ്യാപിക്കുന്നത് സംബന്ധിച്ച് ഗവൺമെന്റിന് പരിശോധിക്കാവുന്നതാണ്. പക്ഷേ ഗവൺമെന്റിന് നമുക്ക് അങ്ങനെ പ്രഖ്യാപിക്കാൻ കഴിയുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly